മെഡിക്കൽ കോളേജുകളിലെ മിനി ക്യാൻസർ സെന്ററുകൾ

79 (6784) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പാറോട് രവി :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ കോളേജുകളിൽ മിനി ക്യാൻസർ സെന്ററുകൾ തുടങ്ങുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പ്രസ്തുത ആശുപത്രികളിൽ സജ്ജീകരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) പ്രസ്തുത കാൻസർ സെന്ററുകൾ തുടങ്ങുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. മെഡിക്കൽ വിദ്യാഭ്യാസവകുപ്പിനുകീഴിലുള്ള കോഴിക്കോട്, കോട്ടയം, ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജുകളിലെ റേഡിയോതെറാപ്പി വിഭാഗത്തെ നിലവിൽ ടേർഷ്യറി ക്യാൻസർ കെയർ സെന്ററുകളാക്കി ഉയർത്തിയിട്ടുണ്ട്. കൊച്ചിയിൽ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

(ബി&സി) കോഴിക്കോട്, കോട്ടയം, ആലപ്പുഴ മെഡിക്കൽ കോളേജുകളിൽ റേഡിയോതെറാപ്പി വിഭാഗത്തിൽ ലീനിയർ ആക്സിലേറ്റർ സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് മിഷൻ '676' പദ്ധതിയിൽ ഉൾപ്പെടുത്തി ലീനിയർ ആക്സിലേറ്റർ വാങ്ങുന്നതിനുള്ള ഭരണാനുമതി ലഭിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. കോട്ടയം മെഡിക്കൽ കോളേജിൽ രണ്ടാമത്തെ ലീനിയർ ആക്സിലേറ്റർ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

റേഡിയോതെറാപ്പി പ്ലാനിംഗ് ചെയ്യുവാനാവശ്യമായ സിമുലേറ്റർ നിലവിൽ കോഴിക്കോട്, കോട്ടയം മെഡിക്കൽ കോളേജുകളിൽ ലഭ്യമാണ്. തിരുവനന്തപുരത്തും തൃശ്ശൂരും വാങ്ങുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. റേഡിയോതെറാപ്പി, മെഡിക്കൽ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി വിഭാഗങ്ങൾ സജ്ജീകരിച്ചാൽ മാത്രമേ മിനി ക്യാൻസർ സെന്റർ യാഥാർത്ഥ്യമാകുകയുള്ളൂ. ആർ.സി.സി.യിൽ വിദഗ്ദ്ധ പഠനത്തിനായിപ്പോയ ഡോക്ടർമാർ തിരിച്ചെത്തുന്നതോടെ അത് യാഥാർത്ഥ്യമാക്കാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly